# ദൈവത്തിൽ പ്രത്യാശ വെയ്ക്കുക

## സങ്കീർത്തനം 62:5

"എന്റെ ഉള്ളമേ, ദൈവത്തെനോക്കി മൗനമായിരിക്ക; എന്റെ പ്രത്യാശ അവങ്കൽനിന്നു വരുന്നു."

നാം പലപ്പോഴും വാഹനമോടിച്ചു പോകുമ്പോൾ ഇടയ്ക്കുണ്ടാകുന്ന ഗതാഗതക്കുരുക്കിൽ പെട്ടുപോകാറുണ്ട്. നമ്മെ വളരെയേറെ അസ്വസ്ഥമാക്കുന്ന ഒന്നാണ് പ്രതീക്ഷിക്കാതെ വരുന്ന ഈ ഗതാഗതക്കുരുക്കുകൾ. ചില സമയങ്ങളിൽ ഈ കുരുക്കുകൾ മാറിക്കിട്ടാൻ മണിക്കൂറുകൾ എടുത്തെന്നും വരും. അതു നമ്മുടെ ക്ഷമയെ പരീക്ഷിക്കുന്ന സമയവുമായി മാറിയേക്കാം.

ഇതുപോലെ തന്നെയാണ് നമ്മുടെ ജീവിതയാത്രയിൽ നാം വളരെ സുഗമമായി മുമ്പോട്ടു പോയിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്നതിനെ പിടിച്ചു നിർത്തുന്ന ഒരു പ്രതിസന്ധി കടന്നു വരുന്നത്. ഒരുപക്ഷെ അതുമൂലം വളരെ വേഗത്തിൽ ഓടിക്കൊണ്ടിരുന്ന നമ്മുടെ ജീവിതയാത്ര പെട്ടെന്ന് ചവിട്ടി നിറുത്തേണ്ടി വന്നേക്കാം. പിന്നീട്, നമ്മുടെ മുമ്പിൽ പ്രതീക്ഷയ്ക്കു വക നൽകുന്ന എന്തെങ്കിലും കാണുവാൻ സാധിച്ചെങ്കിൽ മാത്രമേ തുടർന്നുള്ള യാത്ര സാധ്യമാകൂ. അല്ലെങ്കിൽ നാം ആ പ്രതിസന്ധിയുടെ മദ്ധ്യത്തിൽ അതിന്റെ നീക്കുപോക്കിനായി കാത്ത് ജീവിതം തന്നെ മടുത്തുപോയെന്നു വരാം.

ഏതാണ്ട് ഇതിനു സമാനമായ ഒരു പ്രതിസന്ധിയിൽ കൂടി ദാവീദിന്നും കടന്നു പോകേണ്ടി വന്നിട്ടുണ്ട്. വെറും ഇടയബാലനായിരുന്ന തന്നെ ദൈവം വിളിച്ചതു മുതൽ അവന്റെ ജീവിതത്തിൽ പ്രതിസന്ധികളുടെ ഒരു നീണ്ട നിര തന്നെയായിരുന്നു എന്നു വേണമെങ്കിൽ പറയാം. ആ സന്ദർഭത്തിൽ ദാവീദ് തന്നോട് തന്നെ പറഞ്ഞ് ആശ്വാസം കണ്ടെത്തിയിരുന്ന ഒരു കാര്യമത്രേ നാം മേൽ വായിച്ചു കണ്ടത് 'എന്റെ ഉള്ളമേ, ദൈവത്തെനോക്കി മൗനമായിരിക്ക; എന്റെ പ്രത്യാശ അവങ്കൽനിന്നു വരുന്നു.' ഈ സങ്കീർത്തനത്തിൽ 'ഞാൻ കുലുങ്ങുകയില്ല' എന്ന് 2 പ്രാവശ്യം ദാവീദ് പറയുന്നുണ്ട്. അതിനാധാരമായി അവൻ പറയുന്നത് ഈ ദൈവം തന്നെയാണ് തന്റെ പാറയും, രക്ഷയും, ഗോപുരവും; ആയതിനാൽ തന്റെ ജീവിതത്തിൽ കടന്നുവരുന്ന ഒരു പ്രശ്നവും പ്രതിസന്ധിയും തന്നെ പിടിച്ചുലയ്ക്കത്തില്ല എന്നു ഉറപ്പിച്ചു പറയുന്നു.

പ്രിയരേ ഇന്നു നാം നേരിട്ടിരിക്കുന്ന അല്ലെങ്കിൽ നേരിടാനിരിക്കുന്ന പ്രതിസന്ധിയുടെ നടുവിൽ കുലുങ്ങിപ്പോവാതിരിക്കണമെങ്കിൽ ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ 2

കാര്യങ്ങൾ ചെയ്താൽ മതിയാകും. ഒന്ന്, ദൈവത്തെ നോക്കി മൗനമായിരിക്കുക. മൗനം എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രതിസന്ധിയെക്കുറിച്ചുള്ള ആശങ്കകൾ, പരജയത്തിന്റെയും നിരാശയുടെയും വാക്കുകൾ എന്നിവ ഒഴിവാക്കിക്കൊണ്ട് സഹായം വരുന്ന പർവ്വതത്തിലേക്ക്, നമ്മുടെ ദൈവത്തിന്റെ മുഖത്തേക്കു തന്നെ നോക്കിക്കൊണ്ടിരിക്കുക. രണ്ട്, നമ്മുടെ പ്രത്യാശ ദൈവത്തിൽ മാത്രം വെയ്ക്കുക. അവനിൽ പ്രത്യാശ വെയ്ക്കുന്നവരുടെ പ്രത്യാശയ്ക്ക് ഒരിക്കലും ഭംഗം വരികയില്ല. നമ്മുടെ ഇന്നത്തെ മൗനം നാളെ ദൈവത്തിന്റെ പ്രത്യാശാവാതിലിൽ കൂടിയുള്ള പ്രവേശനത്തിനുള്ള ഒരു അനുഗ്രഹമായി മാറുമെന്നതിന് സംശയം വേണ്ട. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം:

സങ്കീർത്തനം 62:8

ജനമേ എല്ലാക്കാലത്തും അവനിൽ ആശ്രയിപ്പിൻ; നിങ്ങളുടെ ഹൃദയം അവന്റെ മുമ്പിൽ പകരുവിൻ; ദൈവം നമുക്കു സങ്കേതമാകുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 167